# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ.എസ്റ്റാ.I(5) 41128/10/ഗ.വി — തിരുവനന്തപുരം,
തീയതി: **25.03.2014**

## <u>ക്വട്ടേഷൻ നോട്ടീസ്</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ഓഫീസിലെ ഉപയോഗത്തിനായി താഴെപ്പറയുന്ന അളവിലും രീതിയിലും തയ്യാറാക്കിയ 60 ഉപഹാരങ്ങൾ (Memento – മെമന്റോ) വിതരണം ചെയ്യുന്നതിന് മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

**I. സൈസ്**

| | | |
|---|---|---|
| ഏറ്റവും കുറഞ്ഞ ഉയരം (പീഠം ഉൾപ്പെടെ) | : | 18 ½ ഇഞ്ച് |
| ഏറ്റവും കുറഞ്ഞ വീതി | : | 6 ½ ഇഞ്ച് |
| നിർമ്മാണവതുക്കളുടെ ഏറ്റവും കുറഞ്ഞ കനം | : | 10 മില്ലി മീറ്റർ |

**II. നിർമ്മാണ വസ്തുക്കൾ**

തടി (തേക്ക് അഥവാ ഈട്ടി മാത്രം), ലോഹം (ബ്രാസ് അഥവാ സ്റ്റെയിൻലെസ് സ്റ്റീൽ) ഗ്ലാസ്, പ്ലാസ്റ്റിക്, ഫൈബർ, അക്രിലിക് എന്നിവ യഥാനുസരണം

ടി Memento (ഉപഹാരം) വിരമിക്കുന്ന ഉദ്യോഗസ്ഥർക്കു സമ്മാനിക്കുന്നതിനുള്ളതാണ്. സ്വീകർത്താവിന്റെ ഫോട്ടോ മെമന്റോയിൽ ആലേഖനം ചെയ്യണം. കൂടാതെ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക മുദ്ര (Logo – ലോഗോ)യും ചേർക്കണം. പുറമേ, താഴെപ്പറയുന്ന വിവരങ്ങളും മെമെന്റോയിൽ മുദ്രണം ചെയ്യണം.

**KERALA PUBLIC SERVICE COMISSION**

Presented in appreciation of the valuable service rendered.

Sri/Smt. (Name & Designation of retiring employee)
Date of joining Governemnt Service (dd/mm/yyyy)
Date of joining Kerala Public Servic Commission (dd/mm/yyyy)
Date of Retirement (dd/mm/yyyy)

ക്വട്ടേഷൻ മേൽപ്പറഞ്ഞ പ്രകാരമുള്ളതും, നിലവിൽ നൽകിവരുന്ന മെമന്റോയുടെ കളർ ഇമേജ് ഉൾപ്പെടുത്തി സീൽ ചെയ്ത കവറിൽ "മെമന്റോ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ" എന്ന മേൽക്കുറിപ്പോടെ സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം പി.ഒ, തിരുവനന്തപുരം-4 എന്ന വിലാസത്തിൽ 08.04.2014- ാം തീയതി 3 മണിക്കു മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്. നിലവിൽ നൽകിവരുന്ന മെമന്റോ നേരിൽ കാണുന്നതിന് ആസ്ഥാനത്തെ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം സെക്ഷൻ ഓഫീസറെ പ്രവൃത്തിദിവസങ്ങളിൽ സമീപിക്കാവുന്നതാണ്. ഇമേജിനോടൊപ്പം മെമന്റോയുടെ ഉയരം, വീതി, കനം, നിർമ്മാണത്തിന് ഉപയോഗിച്ചിരിക്കുന്ന വസ്തുക്കൾ എന്നിവയുടെ ലഘുവിവരണം കൂടി ചേർക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേദിവസം വൈകിട്ട് 4 മണിക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ക്വട്ടേഷൻ നൽകിയവരുടെയും, അല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയ ആളുകൾ ഹാജരായാൽ അവരുടെയും, സാന്നിദ്ധ്യത്തിൽ തുറക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ക്വട്ടേഷനുകൾ അംഗീകരിച്ചു കഴിഞ്ഞാൽ ഇമേജ് പ്രകാരമുള്ള മെമന്റോ സ്വന്തം ചെലവിൽ നിർമ്മിച്ച് ഒരാഴ്ചക്കകം കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതാണ്. പ്രസ്തുത മെമന്റോ സ്വീകാര്യമാണെങ്കിൽ മാത്രം തുടർന്നു നിശ്ചയിക്കപ്പെടുന്ന രീതിയിൽ 60 എണ്ണവും വിതരണം ചെയ്യേണ്ടതാണ്. വിലയുടെ ഇൻവോയ്സ്/ബില്ലിന്റെ മൂന്ന് പകർപ്പുകളും ഹാജരാക്കേണ്ടതാണ്. തുക ഡി.ഡി.യായി നൽകുന്നതായിരിക്കും.

ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതി-നുമുള്ള അധികാരം കെ.പി.എസ്.സി സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

*Sd/-*
**പി.സി. ബിനോയി,**
**സെക്രട്ടറി,**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.**